# ആത്മാവേ എന്നിൽ
# ഉജ്ജ്വലിച്ചാലും!

എഫേ 1,14 & റോമ 8,23

മേയ് 2020

പരിശുദ്ധാത്മാവ് നമ്മോടുകൂടെ വസിക്കുന്നവനാണ്, ആത്മാവിനെക്കൂടാതെ രക്ഷാകരമായി ഒന്നും പറയാനോ ചെയ്യാനോ നമുക്കാവില്ല, ആത്മാവിനായി ദാഹിച്ചു പ്രാർത്ഥിക്കണം, ദൈവത്തെ അനുസരിക്കുന്നവർക്കാണ് ആത്മാവു ലഭിക്കുന്നത്, ആത്മാവിന്റെ വരദാനഫലങ്ങൾ നാം സ്വന്തമാക്കണം എന്നിങ്ങനെ പരിശുദ്ധാത്മാവിനെക്കുറിച്ചു നമുക്കു പൊതുവേയുള്ള ധാരണകൾ ബൈബിളധിഷ്ഠിതമാണെങ്കിലും, മനുഷ്യന്റെ വീക്ഷണകോണിലൂടെയുള്ള പരിശുദ്ധാത്മക്കാഴ്ചകൾ മാത്രമാണ്!

മറ്റൊരു വീക്ഷണസാധ്യതയും ബൈബിൾ സമ്മാനിക്കുന്നുണ്ട്. ദൈവത്തിന്റെ വീക്ഷണകോണിൽ നിന്നും നമുക്കു പരിശുദ്ധാത്മാവിനെ നോക്കിക്കാണാനാകും. അത്തരത്തിലുള്ള കാഴ്ചപ്പാട് വി. പൗലോസിന്റെ ലേഖനങ്ങളിൽ സംലഭ്യമാണ്. രണ്ടു പദങ്ങളിലൂടെയാണ് പൗലോസ്ശ്ലീഹാ അതു മുന്നോട്ടുവയ്ക്കുന്നത്: 'അർറാബോൺ' (2കോറി    5:5 ;1:22; എഫേ 1:14) , അപ്പാർഖേ' (റോമാ 8:23).

## 1) അച്ചാരം (അർറാബോൺ)

നമുക്കുള്ള ദൈവത്തിന്റെ അച്ചാരമാണ് (ആദ്യഗഡു, പകിടി) പരിശുദ്ധാത്മാവ് എന്നാൽ എന്താണ് അർത്ഥം? നിങ്ങൾ ഒരു വീടു വാങ്ങാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. കാര്യമായ ഒരന്വേഷണത്തിനുശേഷം മനസ്സിനിണങ്ങിയതും സാമ്പത്തികാവസ്ഥയ്ക്കു ചേർന്നതുമായ ഒന്ന് നിങ്ങൾ കണ്ടെത്തുന്നു. അത് മറ്റാരും കൈക്കലാക്കാതിരിക്കാൻ നിങ്ങളുടെമുന്നിൽ ഒരു മാർഗ്ഗമുണ്ട് – ടോക്കൺ നല്കുക! പിന്നീട് നിർദിഷ്ടദിനത്തിൽ പൂർണ്ണസംഖ്യ നല്കി നിങ്ങൾക്ക് അതു സ്വന്തമാക്കാം.

ദൈവത്തിനു നമ്മെ വേണം. നാം അവിടത്തേക്ക് അനിവാര്യരാണ്! 'ദൈവം സ്നേഹമാകുന്നു' എന്ന സ്നേഹലെൻസിലൂടെ സൂക്ഷ്മമായി നോക്കിയാൽ മാത്രമേ ഈ അനിവാര്യതയുടെ ലോജിക്ക് നമുക്കു മനസ്സിലാകൂ. നമ്മെ പുത്രനെ അയച്ചു രക്ഷിച്ച ദൈവം, എന്നന്നേക്കുമായി നമ്മെ തന്റ സ്വന്തമാക്കാൻ വേണ്ടി നമ്മിൽ തന്റെ മുദ്ര പതിക്കുകയും അച്ചാരമായിട്ടു തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തിരിക്കുന്നു. നമ്മെ നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുന്ന അവിടന്ന് ആദ്യ ഗഡുവായി പരിശുദ്ധാത്മാവിനെ നമുക്കു തന്നതിന്റെയർത്ഥം മൂന്നാണ്: ഒന്ന്, നാം തന്റേതായിക്കഴിഞ്ഞെന്നു ദൈവം ഉറപ്പുവരുത്തിയിരിക്കുന്നു; രണ്ട്, ദൈവം നമുക്കു വലിയ മൂല്യവും ശ്രേഷ്ഠതയും കല്പിച്ചിരിക്കുന്നു; മൂന്ന്, നമ്മെ ഇനിയും സമ്മാനസമൃദ്ധി കാത്തിരിക്കുന്നു.

## 2) ആദ്യഫലം (അപ്പാർഖേ)

നിലവും അതിലെ എല്ലാ ഉത്പന്നങ്ങളും ഇസ്രായേലിനുള്ള ദൈവത്തിന്റ ദാനമാണെന്നതിനാൽ, വിളവിന്റ ആദ്യഫലം പ്രാതിനിധ്യസ്വഭാവത്തോടെ ദൈവത്തിനുള്ളതാണെന്നും അത് ദേവാലയത്തിൽ സമർപ്പിക്കണമെന്നും എല്ലാ യഹൂദരും നന്നായി മനസ്സിലാക്കിയിരുന്നു (പുറ 23:19; സംഖ്യ 18:12 ;15:20; നിയ 26:2; നെഹ 10:35,37). ദൈവത്തിന്റ സർവാധികാരത്തെ ഏറ്റുപറയുന്ന ഏർപ്പാടെന്ന നിലയിൽ, ആദ്യഫലസമർപ്പണത്തിന് വലിയ പ്രതീകാത്മക മൂല്യമുണ്ടായിരുന്നു.

അത്തരത്തിൽ വിശിഷ്ടമായ ഒരു അനുഷ്ഠാനത്തെ വി. പൗലോസ് പരിശുദ്ധാത്മദാനവുമായി ബന്ധിപ്പിച്ചത് തികച്ചും വിസ്മയകരമായിരിക്കുന്നു! 'റേഷീത്' ' എന്ന ഹീബ്രു പദത്തിന്റ ഗ്രീക്കു പരിഭാഷയാണ് റോമാ 8:23 ല് കാണുന്ന 'അപ്പാർഖേ'. വി. പൗലോസിന്റെ ഈ പ്രയോഗത്തിൽ ദാതാവായുള്ളത് ദൈവമാണ്! ദൈവം മനുഷ്യനോടു കടപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യരായ നമുക്ക് അവകാശപ്പെട്ടതെന്നമട്ടിൽ, എല്ലാറ്റിന്റെയും ആദ്യഫലമെന്നോണം പരിശുദ്ധാത്മാവിനെ ദൈവം നമുക്കു തരുന്നു! ഈ തിരുവചനവും മനുഷ്യന്റ മാന്യതയും ശ്രേഷ്ഠതയും ഏറെ ഉയർത്തിക്കാട്ടുന്ന ഒന്നാണ്. അങ്ങനെ, പരിശുദ്ധാത്മദാനം മനുഷ്യനെ ഏറെ മാനിക്കുന്ന ദൈവത്തെയാണ് വെളിപ്പെടുത്തുന്നത്.

## പെന്തക്കുസ്ത: മനുഷ്യന്റയും ദൈവത്തിന്റെയും ആവശ്യം!

സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനവും മനുഷ്യന്റെ ഭാഗത്തുനിന്ന് പരിശുദ്ധാത്മാവിനെയും ആത്മാഭിഷേകത്തെയും വർണ്ണിക്കുന്നുവെങ്കിൽ, മേല്പറഞ്ഞ പദപ്രയോഗങ്ങളിലൂടെ വി. പൗലോസ് ദൈവത്തിന്റ ഭാഗത്തുനിന്നാണ് ദൈവാരൂപിയെയും അവിടത്തെ അഭിഷേകത്തെയും വിവരിക്കുന്നത്. രണ്ടും അനുപൂരകങ്ങളാണ്. ആത്മാവിനായി നമ്മൾ കൊതിക്കുന്നു; നമുക്ക് ആത്മാവിനെ തരാൻ ദൈവവും കൊതിക്കുന്നു. എങ്കിൽ, പിന്നെ എന്താണു തടസ്സം? അവബോധത്തിന്റ അഭാവം മാത്രം!

പ്രാർത്ഥന:  ദൈവാത്മാവേ, അങ്ങയെക്കൂടാതെ ഞങ്ങളുടെ ദാഹമടങ്ങില്ല; അങ്ങയെക്കൂടാതെ ദൈവസ്നേഹം പൂർണ്ണമാകില്ല. ഞാൻ സ്വീകരിക്കാൻ കൊതിക്കുന്ന ആത്മാവേ, എനിക്ക് അച്ചാരമായും ആദ്യഫലമായും തരാൻ ദൈവം അത്യന്തം ആഗ്രഹിക്കുന്ന ആത്മാവേ, എന്നിൽ ഉജ്ജ്വലിച്ചാലും!

*Prepared by Jesus Youth International Formation Team. Email: formation@jesusyouth.org*